No. CEE/3737/2012/KEAM-2013/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## പത്രക്കുറിപ്പ്

**എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മറ്റ് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കുള്ള അവസാന ഘട്ട കേന്ദ്രീകൃതഅലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**

എം.ബി.ബി.എസ്/ബി.ഡി.എസ് ഒഴികെയുള്ള മറ്റ് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് സർക്കാർ/എയ്ഡഡ് കോളേജുകളിൽ ഒഴിവ് വന്ന സീറ്റുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ്, ഒക്ടോബർ 16 വൈകുന്നേരം 4 മണിവരെ ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി ഫീസ് **ഒക്ടോബർ 19, 21, 22** എന്നീ തീയതികളിൽ SBT യുടെ തെരഞ്ഞെടുത്ത ശാഖയിൽ അടച്ച് അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.

പ്രസ്തുത അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ കോളേജുകളിലേക്കുള്ള അവസാന അലോട്ട്മെന്റ് ആയതിനാൽ ഈ കോളേജുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിശ്ചയമായും കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരവും, തുടർന്നുള്ള സർക്കാർ ഉത്തരവുകൾ അനുസരിച്ചും നിയമാനുസൃതമുള്ള പിഴ ഒടുക്കാൻ ബാദ്ധ്യസ്ഥരായിരിക്കും. അവസാന ഘട്ട അലോട്ടുമെന്റ് സംബന്ധിച്ച് 11.10.2013 ൽ പ്രസിദ്ധീകരിച്ച വിശദമായ വിജ്ഞാപനം www.cee-kerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം
18.10.2013

**ജോയിന്റ് കമ്മീഷണർ (അക്കാഡമിക്)**
**പ്രവേശന പരീക്ഷാ കമ്മീഷണർ (ഇൻ ചാർജ്ജ്)**